"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി വകുപ്പ് -2015 ലെ കേരളാ മൈനർ മിനറൽ കൺസെഷൻ ചട്ടം പ്രകാരം ശ്രീ. അബ്ദുസമീർ. പി. പി, പള്ളിയാലി പീടിയേക്കൽ വീട്, മേൽമുറി. പി. ഒ, മലപ്പുറം ഫയൽ ചെയ്ത അപ്പീൽ അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം WP(c) No. 9714/2025 നമ്പർ കേസിലെ 17/3/2025 ലെ വിധിന്യായം നടപ്പിലാക്കിയും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.683/2026/ID തീയതി,തിരുവനന്തപുരം, 27-06-2026

---

പരാമർശം:-

1. മലപ്പുറം ജില്ലാ ജിയോളജിസ്റ്റിന്റെ 24/3/2023 ലെ ഡി.ഒ.എം/എം-1469/2022 നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ. അബ്ദു സമീർ, S/o മുഹമ്മദ് ഹാജി, പള്ളിയാളി പീടിയേക്കൽ വീട്, ചോഹലക്കപ്പാറ, മേൽമുറി മേൽമുറി പോസ്റ്റ്, മലപ്പുറം സമർപ്പിച്ച അപ്പീൽ ഹർജി
3. ശ്രീ. അബ്ദുസമീർ എന്നയാൾ ഫയൽ ചെയ്ത WP(c) No. 9714/2025 നമ്പർ കേസിലെ 17/3/2025 ലെ വിധിന്യായം
4. ഡയറക്ടർ, മൈനിംഗ് & ജിയോളജിയുടെ 29/5/2026 ലെ ഡിഎം.ജി/1686/2026-എം1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മേൽമുറി വില്ലേജ് പരിധിയിൽ അനധികൃതമായി കരിങ്കല്ല് / ചെങ്കല്ല് ക്വാറികൾ പ്രവർത്തിക്കുന്നുവെന്നും ആയതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ക്വാറികളുടെ ലിസ്റ്റ് സഹിതം മേൽമുറി വില്ലേജ് ഓഫീസർ , ഏറനാട് തഹസിൽദാർ എന്നിവർ മലപ്പുറം ജില്ലാ ഓഫീസിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേപ്പടി ക്വാറികളിൽ മേൽമുറി വില്ലേജ് അധികൃതരോടൊപ്പം ജില്ലാഓഫീസിൽ നിന്നും പരിശോധന നടത്തുകയും പെറ്റീഷണറായ ശ്രീ. അബ്ദുസമീർ.പി.പി. എന്നയാളുടെ കൈവശത്തിലുള്ള മേൽമുറി വില്ലേജിൽ ബ്ലോക്ക്നം. 2 ൽ റിസർവ്വെ നം 1065/211 ൽപ്പെട്ട സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തുന്നതായി ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ, ഹർജിക്കക്ഷിക്ക് രജിസ്റ്റേഡ് നോട്ടീസ് നൽകിയ ശേഷം നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്ത് നിന്നും രണ്ട് ബ്ലോക്കുകളിലായി 6 2 മീറ്റർ നീളത്തിലും 29 മീറ്റർ വീതിയിലും ശരാശരി 2 2 മീറ്റർ ആഴത്തിലും, 50 മീറ്റർ നീളത്തിലും 2 0 മീറ്റർ വീതിയിലും ശരാശരി 1 2 മീറ്റർ ആഴത്തിലുമായി ആകെ 51556 ക്യൂബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി കണക്കാക്കുകയുണ്ടായി. തുടർന്ന്, സ്ഥലം ഉടമയെ നേരിൽ കേൾക്കുന്നതിനായി രജിസ്റ്റേർഡ് നോട്ടീസ് നൽകിയെങ്കിലും ടി കത്തും കൈപ്പറ്റുവാൻ ടിയാൻ തയ്യാറായില്ല.

അനധികൃത ഖനനം നടത്തുന്നുവെന്നാരോപിച്ചുകൊണ്ട് ശ്രീ. ഷാഹുൽ ഹമീദ് എന്നയാൾ ഫയൽ ചെയ്ത ബഹു. ഹൈക്കോടതി ഡ.ബ്ല്യു പി (സി) നം. 30927/2022 നമ്പരായ കേസിൽ 06.12.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ചുകൊണ്ട് ടി സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്തതായി തിട്ടപ്പെടുത്തിയ ആകെ 51556 ക്യൂബിക് മീറ്റർ കരിങ്കല്ലിന്റെ റോയൽറ്റി ഇനത്തിൽ 30,93,360/- രൂപയും വില ഇനത്തിൽ 61,86,720/- രൂപയും പിഴയായി 25,000/-രൂപയും ചേർത്ത് ആകെ 93,05,080/-(തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അയ്യായിരത്തി എൺപത്) രൂപ മാത്രം സർക്കാരിലേക്ക് ഒടുക്കുന്നതിനായി പരാമർശം (1) പ്രകാരം ഡിമാൻറ് നോട്ടീസ് നൽകിട്ടുള്ളത്. മേപ്പടി തുക സർക്കാരിലേക്ക് ഒടുക്കുവാൻ തയ്യാറാകാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച ശേഷം ഹർജിക്കക്ഷി പരാമർശം (2) പ്രകാരം സർക്കാർ മുമ്പാകെ അപ്പീൽ പെറ്റീഷൻ സമർപ്പിച്ചിട്ടുള്ളത്. പാരമർശം (3) പ്രകാരം ഫയൽ ചെയ്ത കേസിന്റെ വിധിന്യായത്തിൽ ഹർജിക്കക്ഷിയെ 2 മാസത്തിനകം നേരിൽ കേട്ട് പരിഹാരം കാണുവാൻ നിർദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 22/5/2026 ന് വ്യവസായ വകുപ്പ് അഡിഷണൽ സെക്രട്ടറി ഹർജിക്കക്ഷിയെ നേരിൽ കേട്ടു.

2 ) ഹിയറിംഗ് വേളയിൽ ഹർജിക്കക്ഷിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു 2012-ലാണ് ഈ വസ്തു കക്ഷിയുടെ കൈവശാവകാശത്തിൽ വന്നതെന്നും തനെറ കൈവശത്തിൽ വന്നതിനു ശേഷം താൻ അനധികൃത ഖനനം നടത്തിയിട്ടില്ലായെന്നും 2012-ന് മുൻപു പെർമിറ്റ് അന്നത്തെ വസ്തു ഉടമ പെർമിറ്റ് എടുത്താണ് ഖനനം നടത്തിയിട്ടുള്ളതെന്നും കൂടാതെ അന്ന് നടത്തിയ അനധികൃതഖനനത്തിന് പെനാൽറ്റി ഒടുക്കിയിട്ടുള്ളതാണെന്നും അതൊന്നും കണക്കിലെടുക്കാതെയാണ് അനധികൃത ഖനനത്തിനെറ അളവ് തിട്ടപ്പെടുത്തി പെനാൽറ്റി നിർണ്ണയിച്ചിരിക്കുന്നതെന്നും അതിനാൽ ജില്ലാ ജിയോളജിസ്റ്റിനെറ 24/03/2023-ലെ ഡിമാന്റ് നോട്ടീസ് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ടു.

3) ഹർജിവിഷയത്തിൽ ഡി.എം.ജി സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മേൽമുറി വില്ലേജ് പരിധിയിൽ അനധികൃതമായി കരിങ്കല്ല് / ചെങ്കല്ല് ക്വാറികൾ പ്രവർത്തിക്കുന്നുവെന്നും ആയതിനെതിരെ നടപടി സ്വീകരിക്കണമെന്ന് റവന്യൂ അധികാരികൾ ആവശ്യപ്പെട്ട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അനധികൃത ഖനനം നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കക്ഷിക്ക് നിയമാനുസൃത കാരണം കാണിക്കൽ നോട്ടീസ്, ഹിയറിംഗ് നോട്ടീസ് നൽകുകയും ഹർജിക്കക്ഷിയുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുന്നതാണെന്ന് അറിയിച്ച് കത്ത് നൽകിയെങ്കിലും കത്തുകൾ സ്വീകരിക്കുകയോ, സ്ഥലപരിശോധനയിൽ ഹാജരാകുകയോ ചെയ്യാത്തതിനാൽ ജില്ലാ ഓഫീസിലെ സീനിയർ ജിയോളജിസ്റ്റ് പരിശോധിച്ച് ഖനനം ചെയ്ത കരിങ്കല്ലിൻറെ അളവ് തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കുകയുണ്ടായി. ആയത് പ്രകാരം ടി സ്ഥലത്ത് നിന്നും രണ്ട് ബ്ലോക്കുകളിലായി62 മീറ്റർ നീളത്തിലും 29 മീറ്റർ വീതിയിലും ശരാശരി 22 മീറ്റർ ആഴത്തിലും, 50 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും ശരാശരി 12 മീറ്റർ ആഴത്തിലുമായി ആകെ 51556 ക്യൂബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി കണക്കാക്കുകയുണ്ടായി. ബഹു. ഹൈക്കോടതി ഡ.ബ്ല്യു പി (സി) നം. 30927/2022 നമ്പരായ കേസിൽ 06.12.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ചുകൊണ്ട്, ടി സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്തതായി തിട്ടപ്പെടുത്തിയ ആകെ 51556 ക്യൂബിക് മീറ്റർ കരിങ്കല്ലിൻറെ റോയൽറ്റി ഇനത്തിൽ 30,93,360/- രൂപയും വില

ഇനത്തിൽ 61,86,720/- രൂപയും പിഴയായി 25,000/-രൂപയും ചേർത്ത് ആകെ 93,05,080/- (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അയ്യായിരത്തി എൺപത്) രൂപ മാത്രം സർക്കാരിലേക്ക് ഒടുക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകിട്ടുള്ളത്. മേപ്പടി തുക സർക്കാരിലേക്ക് ഒടുക്കുവാൻ തയ്യാറാകാത്തതിനാൽ 09.02.2024 തീയതിയിൽ റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുകയുണ്ടായി. റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച ശേഷമാണ് ടിയാൻ സർക്കാർ മുമ്പാകെ അപ്പിൽ പെറ്റീഷൻ സമർപ്പിച്ചിട്ടുള്ളത്.

മേപ്പടി അപ്പീൽ പെറ്റീഷനിൽ ടിയാൻ ഉന്നയിച്ച വാദങ്ങൾക്കുള്ള മറുപടി താഴെപറയും പ്രകാരമാണ്.

1,2. സ്ഥലം ഉടമക്ക് ജില്ലാ ഓഫീസിൽ നിന്നും നൽകിയ കാരണം കാണിക്കൽ നോട്ടീസ്/ ഹിയറിംഗ് നോട്ടീസ് എന്നിവ കൈപ്പറ്റാത്തതിനാൽ Unclaimed എന്ന് രേഖപ്പെടുത്തി തിരികെ ലഭിച്ചിരുന്നു. ടിയാൻറെ സാന്നിധ്യത്തിൽ 19.11.2022 തീയതിയിൽ സ്ഥലം പരിശോധിക്കുന്നതിനായി നൽകിയ കത്ത് ഹർജിക്കക്ഷി കൈപ്പറ്റിയെങ്കിലും പ്രസ്തുത സ്ഥലപരിശോധനയിൽ പങ്കെടുക്കുകയോ സ്ഥലപരിശോധനയോട് സഹകരിക്കുകയോ നോട്ടീസ് കൈപ്പറ്റുകയോ എന്തെങ്കിലും മറുപടി ബോധിപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതാണ്. ടി സ്ഥലത്തെ അനധികൃത ഖനനത്തിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഡ.ബ്ല്യൂ പി (സി) നം. 30927/2022 നമ്പരായ കേസിൽ ബഹു. ഹൈക്കോടതി 06.12.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ 2 മാസത്തിനകം നോട്ടീസ് പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് ഉത്തരവായതിൻ പ്രകാരമാണ് സ്ഥലം ഉടമക്ക് 24.03.2023 തീയതിയിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്.

2012 ൽ ടി സ്ഥലം അപ്പീൽ വാദിയുടെ കൈവശം വന്ന ശേഷം മാത്രമാണ് അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയത് എന്ന് ഗൂഗിൾ ഇമേജ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുവെന്നും. വ്യാപകമായി അനധികൃതമായി കരിങ്കല്ല് ഖനനം നടത്തുന്നത് 2019 വർഷത്തിനു ശേഷമാണെന്നും . മുൻകൂർ അറിയിപ്പ് നൽകിയ ശേഷം 03.12.2019 തീയതിയിൽ ടി ക്വാറി പരിശോധിക്കുകയും 24.12.2019 തീയതിയിൽ സ്റ്റോപ്പ് നോട്ടീസ് നൽകുകയും പരിശോധന സ്ഥലത്ത് നിന്നും 35 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലും ശരാശരി 6 മീറ്റർ ആഴത്തിലുമായി ആകെ 2520 ക്യൂബിക് മീറ്റർ കരിങ്കല്ല് ഖനനം നടത്തിയതായി മഹസ്സറിൽ രേഖപ്പെടുത്തുകയും ചെയ്യിട്ടുണ്ട്. ടിയാൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയെങ്കിലും മറുപടി നൽ കിയില്ലായെന്നും അനധികൃത ഖനനം സംബന്ധിച്ച് 24.02.2022 തീയതിയിൽ മേൽമുറി വില്ലേജ് ഓഫീസിൽ നിന്നും റിപ്പോർട്ടും മലപ്പുറം ജില്ലാ കളക്ടർക്ക് ലഭിച്ച പരാതിയുടെയും അടിസ്ഥാനത്തിൽ മേപ്പടി സ്ഥലം 09.06.2022, 19.11.2022 തീയതികളിൽ പരിശോധിച്ചതിൽ ടി സ്ഥലത്ത് നിന്നും സ്റ്റോപ്പ് മെമ്മോ ലംഘിച്ച് വ്യാപകമായി കരിങ്കല്ല് ഖനനം നടത്തുന്നതായി ബോധ്യപ്പെട്ടിരുന്നു.

കൂടാതെ ടിയാൾക്ക് മേൽമുറി വില്ലേജിൽ സർവ്വെ നം. 271 ൽപ്പെട്ട സ്ഥലത്ത് നിന്നും ആകെ 2000 മെ.ടൺ (800 ക്യൂബിക് മീറ്റർ) കരിങ്കല്ല് മാത്രം ഖനനം ചെയ്യുന്നതിനായാണ് പെർമിറ്റുകൾ സമ്പാദിച്ചിട്ടുള്ളത് . കൂടാതെ, 05.03.2007 ൽ 20,000/- രൂപ പിഴ ഒടുക്കിയത് 1250 മെടൺ (500 ക്യൂ മീറ്റർ) കരിങ്കല്ല് ഖനനം ചെയ്തതിനാണ്. എന്നാൽ, 19.11.2022 തീയതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ ടി ക്വാറിയിൽ നിന്നും ആകെ 51,556 ക്യൂബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്തതായി കണക്കാക്കിയിട്ടുണ്ട്. അനധികൃതമായി ധാതു ഖനനം നടത്തിയ സ്ഥലം

ഉടമക്കെതിരെ/ഖനനം നടത്തിയ വ്യക്തിക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ആവശ്യമായ രേഖകൾ ഹാജരാക്കേണ്ട ചുമതല സ്ഥലം ഉടമക്ക്/ ഖനനം നടത്തിയ വ്യക്തിക്കാണ്. ടിയാൻ ജില്ലാ ഓഫീസിന്റെ നിയമനടപടികളോട് സഹകരിച്ചിരുന്നില്ല. ജില്ലാ ഓഫീസിലെ 03.12.2019 തീയതിയിലെ സ്ഥലപരിശോധനാ മഹസ്സർ പ്രകാരം ആകെ 2520 ക്യൂബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്തതായാണ് കണക്കാക്കിയിട്ടുള്ളത്. 19.11.2022 തീയതിയിലെ സ്ഥലപരിശോധനാ മഹസ്സർ പ്രകാരം ആയ് 51,556 ക്യൂ മീറ്റർ കരിങ്കല്ല് ആണ്. 19.11.2022 തീയതിയിലെ സ്ഥലപരിശോധനാ വേളയിലെടുത്ത ക്വാറിയുടെ ഫോട്ടോ ഗ്രാഫിൽ നിന്നും ഹർജിക്കക്ഷിയുടെ കാലയളവിലാണ് കൈവശാവകാശത്തിലുണ്ടായിരുന്ന അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയിട്ടുള്ളതെന്നും കൂടാതെ, ടി സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയതിന് ടിയാന് 27.02.2020 ന് മേൽമുറി വില്ലേജ് ഓഫീസിൽ നിന്നും ടിയാന് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു. ശ്രീ.ഷാഹുൽ ഹമീദ് എന്നയാൾ മലപ്പുറം ജില്ലാ കലക്ടർക്ക് 05.09.2022 തീയതിയിൽ നൽകിയ പരാതിയിൽ ടി സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല്ഖനനം നടത്തുന്നതായി പരാതിപ്പെടുകയും അനധികൃത ഖനനത്തിനെതിരെ നടപടി സ്വീകരിക്കണ മെന്നപേക്ഷിച്ചുകൊണ്ട് ബഹു. ഹൈക്കോടതി മുമ്പാകെ ഡ.ബ്ല്യു പി (സി) നം. 30927/2022 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ ബഹു. ഹൈക്കോടതി 06.12.2022 തീയതിയിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. കൂടാതെ മേപ്പടി സ്ഥലത്ത് മലപ്പുറം പോലീസ് 04.11.2023 തീയതിയിൽ നടത്തിയ പരിശോധനയിൽ അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയതായി കാണപ്പെട്ട സ്ഥലത്ത് നിന്നും സ്ഫോടക അവശിഷ്ടങ്ങൾ, ഖനനത്തിന് ഉപയോഗിച്ച ഇരുമ്പ് ദണ്ഡ്, കംപ്രസ്സർ എന്നിവ മഹസ്സർ പ്രകാരം ബന്തവസ്സിലെടുത്തിട്ടുള്ളതും മലപ്പുറം പോലീസ് സ്റ്റേഷൻ ക്രൈം നം. 1468/2023 നമ്പരായി എക്സ്പ്ലോസീവ്സ് സബ്സ്റ്റാൻസസ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ജില്ലയിലെ അനധികൃത കരിങ്കല്ല് ഖനനത്തിനെതിരെ മൈനിംഗ് ആന്റ് ജിയോളജി ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ 30.05.2023 തീയതിയിൽ ജില്ലയിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ടി ക്വാറിയിൽ നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാന് അന്നേ ദിവസം സ്റ്റോപ്പ് നോട്ടീസ്/കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ആയതിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിച്ചതിനു ശേഷവും ടിയാൻ അനധികൃത ഖനനം നടത്തിയിട്ടുള്ളതായി വ്യക്തമാണ്.

ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ ശേഷം 11.05.2023 തീയതിയിലാണ് അപേക്ഷകൻറെ മറുപടി ജില്ലാ ഓഫീസിൽ ലഭിച്ചതെന്നും ആയതിനോടൊപ്പം യാതൊരുവിധ രേഖകളും ടിയാൻ ഹാജരാക്കിയിട്ടില്ലാത്തതാണ്. കൂടാതെ ഹർജിക്കക്ഷിക്ക് നൽകിയ കത്തുകൾ Unclaimed എന്ന് തപാൽ വകുപ്പ് രേഖപ്പെടുത്തി തിരികെ ലഭിച്ചിട്ടുണ്ട്. രജിസ്റ്റേഡ് ആയി നൽകിയ കത്തുകൾ കൈപ്പറ്റിയെങ്കിലും സ്ഥലപരിശോധനയിൽ ഹാജരായിരുന്നില്ലായെന്നും അനധികൃത ഖനനം സംബന്ധിച്ച് ഡിമാന്റ് നോട്ടീസ് ലഭിച്ചതിനു ശേഷവും പരാമർശിത സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയിട്ടുള്ളതായി മലപ്പുറം പോലീസ് സബ്ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ നിന്നും ടിയാന് മൈനിംഗ് ആന്റ് ജിയോളജി ഡെപ്യൂട്ടി ഡയറക്ടർ 30.05.2023 തീയതിയിൽ നൽകിയ നോട്ടീസിൽ നിന്നും ബോധ്യപ്പെടുന്നതാണെന്നും ശ്രീ. ഷാഹുൽ ഹമീദ് എന്നയാൾ മലപ്പുറം ജില്ലാ കലക്ടർക്ക് 05.09.2022 തീയതിയിൽ നൽകിയ പരാതിയിൽ ടി സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തുന്നതായി പരാതിപ്പെടുകയും ഡ.ബ്ല്യൂ പി (സി) നം. 30927/2022 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ഡിമാൻഡ്

നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കാത്ത സാഹചര്യത്തിലാണ് ജില്ലാ ഓഫീസിൽ നിന്നും റെവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്തിട്ടുള്ളതെന്നും ടി സാഹചര്യത്തിൽ അപ്പീൽ കക്ഷിക്കെതിരെ ജില്ലാ ഓഫീസിൽ നിന്നും സ്വീകരിച്ച നിയമനടപടികൾ ക്രമപ്രകാരമാണ് എന്ന് കണ്ട് അപ്പീൽ നിരസിച്ച് ഉത്തരവാകണമെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4) ഹർജിവിഷയം അപ്പീൽ അധികാരി വിശദമായി പരിശോധിച്ചു. അനധികൃത ഖനനം സംബന്ധിച്ച് റവന്യൂ അധികാരികളിൽ നിന്ന് ലഭിച്ച റിപ്പോർട്ടിനെറയും,ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഡ.ബ്ല്യൂ പി (സി) നം. 30927/2022 കേസിലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിക്ക് സ്ഥലപരിശോധന സംബന്ധിച്ച് നോട്ടീസ് നൽകി പരിശോധന നടത്തി അനധികൃത ഖനനത്തിനെറ അളവ് തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കി അതിനെറ അടിസ്ഥാനത്തിലാണ് ജില്ലാ ജിയോളജിസ്റ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.അതിനാൽ അപ്പീൽ കക്ഷി അനധികൃത ഖനനം നടത്തിയിട്ടില്ല എന്ന വാദത്തിൽ കഴമ്പില്ല.എന്നാൽ പ്രസ്തുത സ്ഥലത്ത് ഖനനം നടത്തുന്നതിന് റോയൽറ്റി ഒടുക്കി പെർമിറ്റ് എടുത്ത അളവും അനധികൃത ഖനനത്തിന് പിഴ അടച്ച അളവും ഉൾപ്പെടുത്തിയാണ് ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ചിരിക്കുന്നതെന്ന അപ്പീൽ കക്ഷിയുടെ വാദത്തിന്റെ അടിസ്ഥാനത്തിൽ, ടി സ്ഥലത്ത് ഖനനം നടത്തുന്നതിന് റോയൽറ്റി ഒടുക്കിയ അളവും നിയമവിരുദ്ധമായി ഖനനം ചെയ്തതിന് പെനാൽറ്റി ഒടുക്കിയ അളവും പരാമർശം ഒന്നിലെ ഡിമാന്റ് നോട്ടീസിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പ്രസ്തുത അളവ് കുറവ് ചെയ്ത് അതനുസരിച്ച് അനുയോജ്യമായ നടപടികൾ നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാൻ ജില്ലാ ജിയോളജിസ്റ്റിനോട് നിർദ്ദേശം നൽകി കൊണ്ട് ശ്രീ. അബ്ദു സമീർ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം WP(c) No. 9714/2025 നമ്പർ കേസിലെ 17/3/2025 ലെ വിധിന്യായം നടപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ. അബ്ദുസമീർ. പി. പി, പള്ളിയാലി പീടിയേക്കൽ വീട്, മേൽമുറി. 27 പൊസ്റ്റ് , മലപ്പുറം 676517

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്, മലപ്പുറം

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി (എ4/175/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by

Sabitha B

സെക്ഷൻ ഓഫീസർ

Date: 29-06-2026 12:29:19